


### കണ്ണൂർ, കാസർകോഡ് പൊതുയോഗം



**ആ**യുർവേദിക് മെഡിസിൻ മാനുഫാക്ച്ചറേഴ്സ് ഓർഗനൈസേഷൻ ഓഫ് ഇന്ത്യയുടെ (AMMOI) കണ്ണൂർ & കാസർകോഡ് ജില്ലാ പൊതുയോഗം കണ്ണൂരിൽ വെച്ച് 20.12.2021 ന് നടത്തുകയുണ്ടായി. AMMOI കണ്ണൂർ - കാസർകോഡ് മുൻ ജില്ലാ പ്രസിഡന്റും അശോക ഫാർമ സ്യൂട്ടിക്കൽസ് ഉടമയുമായിരുന്ന നവീൻ പവിത്രൻ അനുസ്മരണ പ്രഭാഷണം ഡോ.ഇടൂഴി ഉണ്ണികൃഷ്ണൻ നമ്പൂതിരി നടത്തി. പി.പി.രാജേഷ് മൈക്കീൽ (പ്രസിഡന്റ്), ഡോ.ഐ. ഉമേഷ് നമ്പൂതിരി (വൈസ് പ്രസിഡന്റ്), അർജ്ജുൻ ശ്രീവത്സൻ (സെക്രട്ടറി), ശ്രീമതി. റിങ്കു നവീൻ (ജോയിന്റ് സെക്രട്ടറി), ശിവപ്രസാദ് ഷേണായ് (ട്രഷറർ) എന്നിവരെ പുതിയ ജില്ലാ ഭാരവാഹികളായി തിരഞ്ഞെടുത്തു.

### ഒമിക്രോൺ വ്യാപനം - നിർണായക ആയുഷ് യോഗം

**ഒ**മിക്രോൺ കേസുകൾ രാജ്യാന്തരതലത്തിൽ വർദ്ധിക്കുന്ന സാഹചര്യത്തിൽ പ്രധാനമന്ത്രിയുടെ തീരുമാന പ്രകാരം ആയുഷ് വകുപ്പ് വെബിനാർ സംഘടിപ്പിച്ചു. 6-1-2022 ൽ ആയുഷ് അഡീഷണൽ സെക്രട്ടറി പി.കെ. പതക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ മീറ്റിങ്ങിൽ ഡോ. നാരായണൻ ശ്രീകാന്ത്, അമിത് അഗർവാൾ, പ്രൊഫ. അസിം അലിഖാൻ, മിലൻ മേത്ത, സി.കെ. കത്തിയാർ, ഡോ. ആനന്ദ്. ടി. ഗുഡിവാല, രമേഷ് മഹേശ്വരി തുടങ്ങി ആയുഷ് രംഗത്തെ ഒട്ടേറെ പ്രമുഖർ പങ്കെടുത്തു.

### വെബിനാർ

#### ബയോഡൈവേഴ്സിറ്റി ഭേദഗതി

കേന്ദ്രസർക്കാർ പാർലിമെന്റിൽ അവതരിപ്പിച്ച ബയോഡൈവേഴ്സിറ്റി ഭേദഗതി ബില്ലിൽ വന്നിരിക്കുന്ന നിർദ്ദേശങ്ങൾ ആയുർവേദ വ്യവസായത്തെ പ്രത്യക്ഷമായി ബാധിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പാർലിമെന്റ് കമ്മറ്റിക്ക് മുമ്പായി സമർപ്പിക്കുന്നതിന് അവസരം നൽകിയിരുന്നു. ഈ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 24-1-2022 സൂം മീറ്റിങ്ങ് നടത്തി. പ്രസ്തുത വിഷയത്തിൻമേൽ AMMOI മെമ്പർമാർ അവരവരുടെ സ്ഥാപനത്തിന്റെ ലെറ്റർപാഡിൽ തയ്യാറാക്കി അയച്ചു കൊടുക്കുന്നതിനായി ഡ്രാഫ്റ്റ് തയ്യാറാക്കി.

#### രാഷ്ട്രീയ ആയുർവേദ വിദ്യാപീഠ് - ഗുരുക്കന്മാരുടെ യോഗം

കേന്ദ്ര രാഷ്ട്രീയ ആയുർവേദ വിദ്യാപീഠ് കേരള ഗുരുക്കന്മാരുടെ മീറ്റിങ്ങ് നടത്തി. 25-1-2022 ഡോ. ഡി. രാമനാഥന്റെ അദ്ധ്യക്ഷതയിലായിരുന്നു യോഗം.

1. CRAV യുടെ വെബ്സൈറ്റിൽ ഗുരുക്കന്മാരുടെ ഡയറക്ടറി തയ്യാറാക്കൽ., 2. കോളേജുകളിൽ നിയമിക്കുന്ന മെഡിക്കൽ ഓഫീസർമാരുടെ തസ്തികയിൽ CRAV യുടെ പ്രവർത്തനപരിചയം പരിഗണിക്കുക., 3. CRAV ഡിപ്ലോമ കോഴ്സ് സീറ്റുകളിൽ റിസർവേഷൻ അനുവദിക്കുക., 4. CRAV ശിഷ്യന്മാരുടെ പ്രൊജക്ട് വർക്കുകളുടെ മൂല്യം വർദ്ധിപ്പിക്കുക എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു.

### സൗജന്യ മരുന്ന് വിതരണം

**കേ**ന്ദ്ര ഗവൺമെന്റിന്റെ കോവിഡ് പ്രതിരോധ നടപടികളുടെ ഭാഗമായി നാഷണൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പഞ്ചകർമ്മ ചെറുതുരുത്തി സംശമനിവടി ഗുളിക സൗജന്യമായി ആയുർവേദിക് മെഡിസിൻ മാനുഫാക്ച്ചറേഴ്സ് ഓർഗനൈസേഷൻ ഓഫ് ഇന്ത്യ (AMMOI) ക്ക് നൽകി. തൃശൂർ സീതാറാം ആയുർവേദ ഹോസ്പിറ്റലിൽ



22-2-2022 ന് നടന്ന ചടങ്ങിൽ NARIP ഡയറക്ടർ ഡോ. ഡി. സുധാകർ, AMMOI ജനറൽ സെക്രട്ടറി ഡോ. ഡി. രാമനാഥന് 5000 ബോട്ടിലുകൾ ആദ്യപടിയായി നൽകി. ആയുർവേദ മരുന്ന് നിർമ്മാതാക്കളുടെ ആവശ്യാർത്ഥം മരുന്നുകൾ കൈമാറി. ഡോ. പ്രദീപ് - റിസർച്ച് ഓഫീസർ NARIP, ജോയിച്ചൻ. കെ. എരിഞ്ഞേരി (എവറസ്റ്റ് ആയുർവേദ, തൃശൂർ), നാരായണൻ ഉണ്ണി (കെ.പി. നമ്പൂതിരീസ്), പ്രശാന്ത്, ബാലാനന്ദ് (വൈദ്യരത്നം, തൃശൂർ), രാമൻ (ഹരിത ഫാർമസ്യൂട്ടിക്കൽസ്), വി.എം. സുരേഷ് (AMMOI മാനേജർ) എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**ആയുർവേദ സെമിനാർ**



**ആ**യുർവേദിക് മെഡിസിൻ മാനുഫാക്ചറേഴ്സ് ഓർഗനൈസേഷൻ ഓഫ് ഇന്ത്യ (AMMOI) യും ആയുർവേദിക് ഡ്രഗ്സ് മാനുഫാക്ച്വേഴ്സ് ഓഫ് ഇന്ത്യ (ADMA) യും സംയുക്തമായി ആയുർവേദ നിർമ്മാതാക്കളെ ഉൾപ്പെടുത്തി സെമിനാർ നടത്തി. 2022 മാർച്ച് 11 ന് തൃശൂർ പേൾ റീജൻസിയിൽ നടന്ന ചടങ്ങ് ഔഷധി ചെയർപേഴ്സൺ ശോഭന ജോർജ്ജ് ഉദ്ഘാടനം നിർവഹിച്ചു. AMMOI ജനറൽ സെക്രട്ടറി ഡോ. ഡി. രാമനാഥൻ ആയർവേദ വ്യവസായം നേരിടുന്ന വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. AMMOI പ്രസിഡന്റ് ഡോ. പി. രാംകുമാർ അദ്ധ്യക്ഷത വഹിച്ചു. ചന്ദ്രകാന്ത് ബാനുഷാലി പ്രബന്ധം അവതരിപ്പിച്ചു. AMMOI തൃശൂർ ജില്ലാ പ്രസിഡന്റ് ജോയച്ചൻ കെ. എരിഞ്ഞേരി, മാനേജർ സുരേഷ് എന്നിവർ സംസാരിച്ചു.

**Global Ayush Investment and Innovation Summit from 20-22 April, 2022 at Mahatma Mandir, Gandhinagar, Gujarat**

***M***inistry of Ayush organized three days event, namely "Global Ayush Investment and Innovation Summit" from 20-22 April, 2022 at Mahatma Mandir, Gandhinagar, Gujarat. The event was inaugurated on 20th April, 2022 by Hon'ble Prime Minister of India. The event also attended by DG, World Health Organisation (WHO) and a galaxy of Ambassadors of partnering countries. Ministry also conducted a special session with RAV Gurus as a part of the Summit. AMMOI actively participated in the event, Dr. D. Ramanathan, General Secretary, Dr. Meera Sudhakaran, Dr. Arya Sethuparvathy also attended the Summit. As a gesture of goodwill Oushadham issued a special edition covering the complete datas of the Summit during the month of May 2022.

**മന്ത്രി പിയൂഷ് ഗോയലിന് നിവേദനം നൽകി**



AMMOI ജനറൽ സെക്രട്ടറി ഡോ. ഡി. രാമനാഥനും ട്രഷറർ ഡോ. ഇ.ടി. നീലകണ്ഠൻ മൂസ്സും കേന്ദ്ര കൊമേഴ്സ് & ഇൻഡസ്ട്രി, കൺസ്യൂമർ അഫയേഴ്സ്, ഫുഡ് & പബ്ലിക് ഡിസ്ട്രിബ്യൂഷൻ & ടെക്സ്റ്റൈൽസ് വകുപ്പ് മന്ത്രി പിയൂഷ് ഗോയലിന് 7-6-2022 ൽ തൃശൂരിൽ നടന്ന ചടങ്ങിൽ നിവേദനം നൽകി. ആയുർ വേദ മരുന്നുകളുടെ എക്സ്പോർട്ടുമായി ബന്ധപ്പെട്ട 29-ഓളം വിഷയങ്ങളും നിർദ്ദേശങ്ങളും സമർപ്പിച്ചു. നിവേദനം പഠിച്ച് അനുഭാവപൂർവ്വം പരിഹരിക്കാമെന്ന് മന്ത്രി ഉറപ്പ് നൽകി.

**എറണാകുളം ജില്ലാ യോഗം**



AMMOI എറണാകുളം ജില്ലാ കമ്മറ്റി മീറ്റിങ്ങ് 6-5-2022 വെള്ളിയാഴ്ച ആലുവ പി.ഡബ്ലിയു.ഡി ഗസ്റ്റ്ഹൗസ് മഹാനവമിയിൽ നടത്തി. ജില്ലാ പ്രസിഡന്റ് കെ.ആർ. ജയചന്ദ്രൻ, സെക്രട്ടറി കെ.ജെ. തങ്കച്ചൻ, ട്രഷറർ പി.യു. ബേബി തുടങ്ങി ജില്ലയിലെ നിർമ്മാതാക്കളും യോഗത്തിൽ പങ്കെടുത്തു. സംഘടനാവിഷയങ്ങളെക്കുറിച്ച് മാനേജർ സുരേഷ് വിശദമായി പ്രതിപാദിച്ചു.

### 'മുഖം' നാടകാവതരണം

ആയുർവേദ ഔഷധനിർമ്മാതാക്കളുടെ സംഘടനയായ ആയുർവേദിക് മെഡിസിൻ മാനുഫാക്ചറേഴ്സ് ഓർഗനൈസേഷൻ ഓഫ് ഇന്ത്യ (AMMOI) കോൺഫിഡറേഷൻ ഓഫ് തമിഴ്നാട് മലയാളി അസോസിയേഷൻ (CTMA) യുമായി സഹകരിച്ച് 21-5-2022 തൃശൂർ റീജണൽ തിയ്യറ്ററിൽ കലാസന്ധ്യ അരങ്ങേറി. മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ നാടകാചാര്യനും സംഗീതനാടക അക്കാദമി മുൻചെയർമാനും തൃശൂരിന്റെ അഭിമാനവുമായ നവതിയുടെ നിറവിൽ നിൽക്കുന്ന സി.എൽ. ജോസിനെ തൃശൂർ കോർപ്പറേഷൻ മേയർ എം.കെ. വർഗ്ഗീസ് ആദരിച്ചു. AMMOI ട്രഷറർ ഡോ. ഇ,.ടി. നീലകണ്ഠൻ മൂസ്സ്, ജനറൽ സെക്രട്ടറി ഡോ. ഡി. രാമനാഥൻ, തൃശൂർ ജില്ലാ പ്രസിഡന്റ് ജോയിച്ചൻ കെ. എരിഞ്ഞേരി തുടങ്ങിയവർ പങ്കെടുത്തു.

### നിവേദനം നൽകി

ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 4-ാം ഭേദഗതി പ്രകാരം 25 ഡി ലൈസൻസുള്ള അംഗീകൃത ആയുർവേദ മരുന്ന് നിർമ്മാതാക്കൾ കമ്പനിയുടെ വിവരങ്ങൾ ഇ-ഔഷധി ഗവൺമെന്റ് പോർട്ടലിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യണമെന്ന് AMMOI അംഗങ്ങളെ അറിയിച്ചിട്ടുള്ളതാണ്. നിർമ്മാതാക്കൾക്ക് പോർട്ടൽ രജിസ്ട്രേഷനെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ ഓൺലൈൻ ട്രെയിനിങ് നൽകണമെന്ന് ആവശ്യപ്പെട്ട് നിവേദനം ജനറൽ സെക്രട്ടറി ഡോ. ഡി. രാമനാഥൻ ആയുഷ് സെക്രട്ടറിക്ക് 6-7-2022 ന് ഡൽഹിയിൽ നേരിട്ട് കൈമാറി.

### ആയുഷ് പാർക്ക് – നിർദ്ദേശങ്ങൾ

2022 ഏപ്രിൽ 20-22 തിയതികളിൽ ഗുജറാത്തിലെ ഗാന്ധി നഗറിൽ വെച്ച് നടത്തിയ ഗ്ലോബൽ ആയുഷ് ഇൻവെസ്റ്റ്മെന്റ് & ഇന്നവേഷൻ സമ്മിറ്റിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ആയുഷ് ചികിത്സാരീതികളുടെ പ്രചരണാർത്ഥം വിദേശികൾക്ക് ആയുഷ് വിസ അനുവദിക്കുമെന്നും ആയുഷ് പാർക്കുകൾ രൂപീകരിക്കുമെന്നും അറിയിച്ചിരുന്നു. കേന്ദ്ര ആയുഷ് മന്ത്രാലയം 1-6-2022 ൽ ഇറക്കിയ ഉത്തരവിൽ ആയുഷ് പാർക്ക് രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. AMMOI യുടെ നിർദ്ദേശങ്ങൾ 6-6-2022 ന് രേഖാമൂലം കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് സമർപ്പിച്ചു.

### ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ് (FAD -26) ഓൺലൈൻ മീറ്റിങ്ങ്

ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സ് 'ആയുഷ് ഹെർബൽ ഡ്രഗ്സ് & പഞ്ചകർമ്മ എക്യുപ്മെന്റ്സി'ന്റെ ഇന്ത്യൻ സ്റ്റാന്റേർഡ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ ആയുഷ് സെക്ഷണൽ കമ്മറ്റിയുടെ (FAD -26) ഓൺലൈൻ മീറ്റിങ്ങ് 28-6-2022 ന് നടന്നു. ഇതുമായി ബന്ധപ്പെട്ട് ഡോ. ഡി. രാമനാഥൻ മീറ്റിങ്ങിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ സമർപ്പിച്ചു.

## ASUDTAB ഓൺലൈൻ മീറ്റിങ്ങ്

2022 ജൂൺ 27 ന് നടന്ന ആയുർവേദ സിദ്ധ യുനാനി ഡ്രഗ്സ് ടെക്നിക്കൽ അഡ്വൈസറി ബോർഡിന്റെ (ASUDTAB) ഓൺലൈൻ മീറ്റിങ്ങ് നടന്നു. ആയുർവേദ ഇൻഡസ്ട്രിയെ പ്രതിനിധാനം ചെയ്തുകൊണ്ട് അജണ്ടയിലേക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ഡ്രഗ്സ് പോളിസി സെക്ഷന് AMMOI സമർപ്പിച്ചു.

### ഡ്രഗ്സ് കൺട്രോൾ ബോർഡ് – SMPB ബോധവൽക്കരണ ക്ലാസ്സ്



സംസ്ഥാന ആയുർവേദ ഡ്രഗ്സ് കൺട്രോൾ ബോർഡും സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡും (SMPB) സംയുക്തമായി TRAINING ON VARIOUS ACTS AND RULES IN AYURVEDA, SIDDHA AND UNANI MEDICINE MANUFACTURING SECTOR സെമിനാർ നടത്തി. 2022 ജൂലായ് 12, 13 ന് തൃശൂർ എലൈറ്റ് ഹോട്ടലിൽ നടന്ന യോഗം ഔഷധി ചെയർമാൻ ശോഭന ജോർജ് ഉദ്ഘാടനം ചെയ്തു. AMMOI യെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറി ഡോ. ഡി. രാമനാഥൻ, ഡോ. ആര്യ സേതുപാർവ്വതി, വി.എം. സുരേഷ് എന്നിവർ പങ്കെടുത്തു. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോ ളർ ഡോ ജയ വി ദേവ്, SMPB സിഇഒ ഡോ. ടി. കെ. ഹൃദീക്, SMPB എക്സിക്യൂട്ടീവ് മെമ്പർ കെ.വി. ഗോവിന്ദൻ, ഡോ എം. നവാസ് സീനിയർ സയന്റിഫിക് ഓഫീസർ, SMPB, ഡോ. എ.വി. സന്തോഷ്കുമാർ (മെമ്പർ സെക്രട്ടറി കേരള ജൈവ വൈവിധ്യ ബോർഡ്) എന്നിവരും സന്നിഹിതരായിരുന്നു.

### മുഖ്യമന്ത്രിക്ക് നിവേദനം

കേരള പബ്ളിക് ഹെൽത്ത് ബില്ലിനെ കുറിച്ചുള്ള ഭേദഗതികൾ നിർദ്ദേശിച്ച് നിവേദനം മുഖ്യമന്ത്രി പിണറായി വിജയന് സമർപ്പിച്ചു.

## PHARMEXCIL SEMINAR

ആയുർവേദ ഔഷധങ്ങളും ഉൽപന്നങ്ങളും വിദേശ വിപണികളിൽ ഔഷധങ്ങളായി ലഭ്യമാക്കുന്നതിനും ഇന്ത്യയിൽ നിന്നും അവയുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും കേന്ദ്ര ആയുഷ് മന്ത്രാലയവും വാണിജ്യമന്ത്രാലയവും മുൻകൈയെടുത്ത് നടത്തുന്ന പരിപാടികളുടെ ഭാഗമായി ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫാർമസ്യൂട്ടിക്കൽസ് എക്സ്പോർട്ട് കൗൺസിൽ ഓഫ് ഇന്ത്യ (Pharmexcil) കേരളത്തിലെ ആയുർവേദ ഔഷധ നിർമ്മാതാക്കളുമായി ചേർന്ന് തൃശൂരിൽ 2022 ജൂലായ് 29 ന് വെള്ളിയാഴ്ച ഹോട്ടൽ പേൾ റിജൻസിയിൽ സെമിനാർ നടത്തി. AMMOI ജനറൽ സെക്രട്ടറി ഡോ ഡി. രാമനാഥൻ, പ്രസിഡന്റ് ഡോ. പി. രാംകുമാർ, ഫാർമാക്സിൽ ഡയറക്ടർ ജനറൽ ഉദയഭാസ്കർ, ഫാർമാക്സിൽ ഡയറക്ടർ മുര

ളികൃഷ്ണ, ഡോ. ഗീത കൃഷ്ണൻ, ഡ്യൂറോപാക്ക് മാനേജിങ് ഡയറക്ടർ സി.എ. ഷാഹുൽഹമീദ് എന്നിവർ പങ്കെടുത്തു.

## ആയുർവേദ ഔഷധ കയറ്റുമതി – തുടർനടപടി അനിവാര്യം

**ആ**യുർവേദ പ്രോഡക്ടുകളും നിർമ്മാണങ്ങളും ഭാരതത്തിൽ എല്ലായിടത്തും നിലവിലുണ്ടെങ്കിലും ഇപ്പോഴും സുഗമമായ കയറ്റുമതിയെന്നത് പരിഹരിക്കാൻ കഴിയാത്ത വിഷയമായി അവശേഷിക്കുകയാണ്. ഈ വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടാണ് 29-7-2022 ൽ ഫാർമാക്സിൽ കമ്പനിയുമായി സംയോജിച്ചുകൊണ്ട് AMMOI ഏകദിനസെമിനാർ നടത്തിയത്. കേരളത്തിൽ നിന്നും പുറത്തു നിന്നുമായി ഒട്ടനവധി കമ്പനികളുടെ പ്രതിനിധികൾ ഈ സെമിനാറിൽ പങ്കെടുക്കുകയും ഒരുപാട് സംശയങ്ങളും നിർദ്ദേശങ്ങളും ചർച്ച ചെയ്യുകയുണ്ടായി. എക്സ്പോർട്ട് സംബന്ധിച്ച് ആയുർവേദ വ്യവസായമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ഉൾപ്പെടുത്തി പോളിസികൾ രൂപീകരിക്കുന്നതിനായി ധന്യ സജി, പി. രാജേന്ദ്രൻ പുൽപറ്റ (കോട്ടയ്ക്കൽ), പ്രസാദ് (നാഗാർജ്ജുന), നടരാജൻ (ധാത്രി), രാജേഷ് എസ് മണി (വൈദ്യരത്നം) എന്നിവരെ ഉൾപ്പെടുത്തി വിദഗ്ധ കമ്മറ്റി രൂപീകരിച്ചു. മേൽ വിഷയങ്ങളിൽ കമ്മറ്റി ചോദ്യാവലി തയ്യാറാക്കി മെമ്പർമാരിൽ നിന്നും നിർദ്ദേശങ്ങൾ ശേഖരിക്കുകയും അടുത്ത മീറ്റിങ്ങിൽ ചർച്ച ചെയ്യുകയും ചെയ്യുമെന്ന് തീരുമാനിച്ചു.

**ആയുർവേദ മരുന്നുകളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിച്ചു**

കൊച്ചിൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ് (DGFT) ആയുർവേദ ഔഷധങ്ങളുടെ വിദേശവ്യാപാരം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള പ്രതിസന്ധികൾ ചൂണ്ടിക്കാണിക്കുന്നതിനായി 26-8-2022 ൽ മീറ്റിങ്ങ് നടത്തിയിരുന്നു. കൊച്ചി ബോൾഗാട്ടി പാലസിലായിരുന്നു മീറ്റിങ്ങ്. AMMOI യെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറി ഡോ. ഡി. രാമനാഥനും ട്രഷറർ ഡോ. ഇ.ടി. നീലകണ്ഠൻ മൂസ്സും മറ്റ് കമ്പനി പ്രതിനിധികളും മീറ്റിങ്ങിൽ സംവദിച്ചു. പ്രശ്ന പരിഹാരത്തിനായി 28 ഓളം നിർദ്ദേശങ്ങളും അത് നടപ്പിലാക്കേണ്ട ബന്ധപ്പെട്ട വകുപ്പുകളുടെ വിവരണവും ചേർത്ത് നിവേദനം സമർപ്പിച്ചു.

## Draft of New Drugs, Medical Devices & Cosmetics Bill-2022 നിർദ്ദേശങ്ങൾ

നിലവിലെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് കാലഹരണപ്പെട്ടതും 1940 കളിൽ തയ്യാറാക്കിയിരുന്നതുമാണ്. ഈ നിയമം ആധുനിക കാലഘട്ടത്തിന് ഉതകുന്ന രീതിയിൽ പരിഷ്കരണത്തിന് തയ്യാറെടുക്കുന്നതിന്റെ മുന്നോടിയായി ഗവൺമെന്റ് ഓഫ് ഇന്ത്യ കരട് രേഖ പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് 20-8-2022 ന് AMMOI മെമ്പർമാരുമായി സൂം മീറ്റിങ്ങിലൂടെ വിഷയം ചർച്ച ചെയ്തു. മെമ്പർമാർ നൽകിയ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വിശദമായ കത്ത് 23-8-2022 ന് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു.

**Bureau of Indian Stadards - നിർദ്ദേശങ്ങൾ സമർപ്പിച്ചു**

ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സ് Dried Fruit for use in Traditional Medicine - Specifications - വിഷയത്തിൽ ഡ്രാഫ്റ്റ് പബ്ലിഷ് ചെയ്യുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. വിഷയം വിശദമായി പഠിച്ചതിന് ശേഷം AMMOI 16-7-2022 ൽ പ്രസ്തുത വകുപ്പിന് വിശദമായ നിവേദനം സമർപ്പിച്ചു.

**നിയമസഭ ജനപ്രതിനിധികൾക്ക് നിവേദനം നൽകി**

22-8-2022 ന് പ്രത്യേക നിയമസഭാ സമ്മേളനം ചേരുന്നതിന് മുന്നോടിയായി AMMOI നിവേദനം സമർപ്പിച്ചു. പ്രസ്തുത വിഷയത്തിൽ മുൻപ് സംസ്ഥാന മുഖ്യമന്ത്രിയ്ക്കും ആരോഗ്യമന്ത്രിയ്ക്കും എക്സൈസ് മന്ത്രിക്കും നിവേദനം സമർപ്പിച്ചിരുന്നു.

**നിവേദനം നൽകി**



**ന**രേന്ദ്രമോദി സർക്കാരിന്റെ 8-ാം വാർഷികത്തോടനുബന്ധിച്ച് കേന്ദ്ര കെമിക്കൽ & ഫെർട്ടിലൈസർ വകുപ്പ് മന്ത്രി ഭഗവന്ത് ഖുബയുടെ കേരള സന്ദർശനത്തിന്റെ ഭാഗമായി 20-10-2022 ന് തൃശൂർ ഹോട്ടൽ ജോയ് പാലസിൽ പൗരപ്രമുഖരുമായി സംവദിച്ചു. AMMOI ജനറൽ സെക്രട്ടറി ഡോ. ഡി. രാമനാഥൻ ആയുർവേദ ഫാർമ വേസ്റ്റിൽ നിന്നും ജൈവവള വികസനത്തിന്റെ ആവശ്യകതയെക്കുറിച്ച് മന്ത്രിക്ക് നിവേദനം നൽകി.

**9th World Ayurveda Congress & Arogya Expo**



മിനിസ്ട്രി ഓഫ് ആയുഷും വേൾഡ് ആയുർവേദ ഫൗണ്ടേഷനും സംയുക്തമായി 9-ാം വേൾഡ് ആയുർവേദ കോൺഗ്രസ് & ആരോഗ്യ എക്സ്പോ 2022 ഡിസംബർ 8 - 11 വരെ ഗോവയിൽ നടന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 300 ഓളം ആയുർവേദ സ്റ്റാളുകളും വിവിധ പ്ലീനറി സെഷനുകളും ഒ.പി.ഡി സെന്ററുകളും ഇതിന്റെ ഭാഗമായി. AMMOI യെ പ്രതിനിധീകരിച്ച് ഡോ. ഡി. രാമനാഥൻ, ഡോ. ആര്യ സേതുപാർവതി, ഡോ. മീര സുധാകരൻ, വി.എം. സുരേഷ് എന്നിവർ പങ്കെടുത്തു. പരിപാടിയുടെ പൂർണ്ണരൂപം ഡിസംബർ 2022 'ഔഷധം' മാഗസീനിൽ പ്രസിദ്ധീകരിച്ചു.